"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുന്നത് - രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച നിബന്ധന ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.680/2023/LSGD തീയതി,തിരുവനന്തപുരം, 21-03-2023

---

പരാമർശം:- 1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.6

**ഉത്തരവ്**

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശിത മാർഗ്ഗരേഖ ഖണ്ഡിക 8.2 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ആവശ്യത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത് പ്രകാരം 2017-ന് ശേഷമുള്ള മോഡൽ വാഹനമായിരിക്കണം വാടകയ്ക്കെടുക്കേണ്ടതെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

2. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ 2017 ന് ശേഷമുള്ള മോഡൽ വാഹനം ലഭ്യമാകുന്നില്ലെങ്കിൽ, രണ്ടാമത്തെ ക്വട്ടേഷനിൽ വാഹനങ്ങളുടെ പഴക്കം സംബന്ധിച്ച മാർഗ്ഗരേഖയിലെ നിബന്ധന ഒഴിവാക്കി ഉത്തരവാകുന്നു.

3. പരാമർശിത മാർഗ്ഗരേഖ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്

9. ഗ്രാമവികസന കമ്മീഷണർ
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sureshkumar K
Date: 22-03-2023 10:57:59
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹ. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്